''അപ്രൻറീസ്ഷിപ്പ് ലഭിക്കാൻ വരുന്ന കാലതാമസം''

* 304 [445] ശ്രീ. പി. എം. അബൂബക്കർ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. എ. മജീദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ പഠിച്ച് പാസ്സായി വരുന്നവർക്ക് അപ്രൻറീസ്ഷിപ്പ് ലഭിക്കാൻ വരുന്ന കാലതാമസം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പ് മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അപ്രൻറീസുകളെ പരിശീലനത്തിനു നിയോഗിക്കുവാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളിൽ അപ്രൻറീസുകളെ നിയമിക്കാതിരുന്നാൽ ആ സ്ഥാപനങ്ങൾക്കെതിരെ അപ്രൻറീസ് ആക്ടിൽ അനുശാസിച്ചിട്ടുള്ള നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

''പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെൻറ് ഇൻഡ്യ''

* 305 [446] ശ്രീ. സ്റ്റീഫൻ പാട്ടുവ:
,, മണിമംഗലത്തു കുട്ട്യാലി:
,, ബെന്നിബഹനാൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ തലത്തിലുള്ള ''പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെൻറ് ഇൻഡ്യ'' എന്ന സംഘടനയുടെ മാതൃകയിൽ സംസ്ഥാന തലത്തിൽ രൂപീകൃതമായിട്ടുള്ള സംഘടനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

''പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെൻറ് ഇൻഡ്യ''യുടെ മാതൃകയിൽ സംസ്ഥാന തലത്തിൽ രൂപീകൃതമായിട്ടുള്ളതാണ് പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെൻറ് (കേരള). അതിൻെറ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയെന്നതാണ്. ദുർബല വിഭാഗങ്ങളിലുള്ള ഗ്രാമീണ ജനങ്ങൾക്ക് അവരുടെ ജീവിതം സമ്പന്നമാക്കാനുള്ള പ്രോജക്റ്റുകൾ നടപ്പാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

'പാഡി' യിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാണ്. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെയും സാമ്പത്തിക ഉന്നമനത്തിനുള്ള പരിപാടികളിലൂടെയും ഗ്രാമീണരെ സഹായിക്കുവാനും പരിശീലനവും സാമ്പത്തിക സഹായവും നൽകി സർക്കാരിന്റെ ഗ്രാമവികസന യത്നങ്ങൾക്ക് ഒരു അനുബന്ധമായി പ്രവർത്തിക്കാനും 'പാഡ്' കേരളായിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

കർഷകത്തൊഴിലാളി പെൻഷനുള്ള പ്രായപരിധി

* 306 [447] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി 50 ആയി കുറയ്ക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രായപരിധി 50 ആയി കുറയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പുളിമാത്ത് പഞ്ചായത്തിൽ നൽകിയ തൊഴിലില്ലായ്മ വേതനം

1283 [2308] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ നിന്നും തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിനുവേണ്ടി 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) ഈ പഞ്ചായത്തിൽ എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടെന്നും അതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മ വേതനത്തിനു വേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചിരുന്നുവെന്നും അതിൽ എത്ര പേർക്കു വേതനം അനുവദിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1986 ജൂൺ 30 വരെ പുളിമാത്ത് വില്ലേജിൽ നിന്നും 612 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly